# എസ്.സി.സെമിനാരി ഹയർസെക്കണ്ടറി സ്കൂൾ തിരുവല്ല




## സ്വാഗതം

# പഠന വീഥിയിലൂടെ
















# ഉള്ളടക്കം


- എഡിറ്റർ റിപ്പോർട്ട് :ഹനന്യാവ് 5
- സന്ദേശം :ഗീത.റ്റി.ജോർജ്ജ്(എച്ച്.എം) 8
- കൈറ്റ്സ് അനുഭവങ്ങൾ :ജ്യോതി 10
- ഇന്നത്തെ കേരളം : അഖില വർമ്മ 12
- വെള്ളപ്പൊക്കത്തിന്റെ അനുഭവം:അലൻ 14
- കുളിരേകും മഴ: ആഭ ബിനോയി 15
- പങ്കിടാൻ മറക്കാതെ: ഏയ്ഞ്ചൽ.പി.സാലു 16
- എന്റെ വിദ്യാലയം : ലിയ 18
- അശ്വമേധം -കവിത: അഭിജിത്ത് എ.റ്റി. 19
- മഴ പെയ്യ് : ദിയ 20

. ചിരി : ആതിര 21

. റിപ്പബ്ലിക് ദിനം: ബെറ്റ്സി എൽസ ബിജി 22

- കലാരചന : അനന്യ 23

. തിരഞ്ഞെടുത്ത ഉദ്ധരണികൾ: ക്രിസ്റ്റിന 24

. വിശപ്പിന്റെ വിളി- കഥ :ജ്യോതി 25

- അമ്മ : ദിയാ മോൾ 26
- യാത്രക്കുറിപ്പ് : ബെറ്റ്സി 27
- രണ്ടാം ഭവനം : നിയ 28
- ജനനി : അഖില വർമ്മ 29
- നന്ദി




# എഡിറ്റർ റിപ്പോർട്ട്

വെളിച്ചത്തെക്കുറിച്ച് പറഞ്ഞാൽ ഏറ്റവും ഉന്നതമായ പ്രസ്ഥാവന നടത്തുന്നത് വിശുദ്ധ ബൈബിൾ ആണ്.

1 യോഹന്നാൻ 1:5 ൽ നാം അത് കാണുന്നു. ദൈവം വെളിച്ചമാകുന്നു അവനിൽ ഇരുട്ട് ഒട്ടുമില്ല.

മറ്റു വേദഗ്രന്ഥങ്ങളിലും വെളിച്ചത്തിന് വേണ്ടിയുള്ള ഭാഗം കാണാം. ഉദാ :- തമസോമ ജ്യോതിർഗമയാ (ഇരുളിൽ നിന്നു വെളിച്ചത്തിലേക്ക് എന്നെ നയിച്ചാലും. ) ഈ പ്രസ്ഥാവനകൾ ഒക്കെ കേവലമൊരു പ്രകാശം അല്ലങ്കിൽ ഗോചരമായ ഒരു വസ്തുവിനെ കാണാൻ ഉദ്ദേശിച്ചുള്ളതല്ല.

മറിച്ച് മനുഷ്യന്റെ ആത്മീകവും ബൗദ്ധികവുമായ ഉയർച്ചയുടെ പ്രതീകമാണ് വെളിച്ചമായി ഇവിടെ പരാമർശിക്കുന്നത്. ലിറ്റിൽ കൈറ്റ്സിനെ സംബന്ധിച്ചിടത്തോളം ആത്മീയ വെളിച്ചത്തെക്കാൾ ബൗദ്ധികമായ വെളിച്ചത്തിന് പ്രാധാന്യം കൊടുക്കുന്നതു കൊണ്ട് ക്രിയാത്മകമായി ഒരു മനുഷ്യന്റെ ബുദ്ധിയും കായികക്ഷമതയും സമയവും മറ്റു ലഭ്യമായ എല്ലാ സാഹചര്യങ്ങളും ഉപയോഗിച്ച് ബൗദ്ധികതലത്തിൽ സ്വയം

പര്യാപ്തർ ആകുക എന്നതാണ് ലക്ഷ്യം.

വളരെ വിജ്ഞാനപ്രദമായ അറിവുകൾ ലിറ്റിൽ കൈറ്റ്സിലൂടെ അതിൽ പങ്കാളിയായവർക്ക് നേടാനാകും. ഓരോരോ മേഖലയിലും വെളിച്ചത്തിൽ നിന്ന് കൂടുതൽ വെളിച്ചത്തിലേക്ക് പ്രയാണം ചെയ്യതിന്റെ ഫലമാണ് നമുക്ക് ചുറ്റും നാം കാണുന്ന എല്ലാ ഭൗതിക സൗകര്യങ്ങളും ഉദാ- ആരോഗ്യരംഗത്തും, വ്യവസായ രംഗത്തും, നവ മാധ്യമ രംഗത്തും അങ്ങനെയുള്ള എല്ലാ മേഖലയും ഉദ്ദാഹരണങ്ങളാണ്. ബൗദ്ധിക വെളിച്ചം ഇല്ലാതിരുന്നവെങ്കിൽ നാം ഇന്നും കാളവണ്ടി യുഗത്തിന്നും പിന്നിലായിരുന്നേനെ.

എല്ലാ ഭൗതിക നേട്ടങ്ങളുടേയും പിന്നിൽ കഠിന പരിശ്രമത്തിന്റെയും ത്യാഗത്തിന്റേയും ഒക്കെ യാഥാർഥ്യങ്ങളുണ്ട്.

എന്നാൽ ഇതിലൊന്നും ഉൾപ്പെടാത്തവർക്കു വേണ്ടി നമ്മുടെ മലയാള കവിയായ അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ കവിതാ ശകലം ഉദ്ധരിക്കട്ടെ "വെളിച്ചം ദുഃഖമാണുണ്ണീ, തമസല്ലോ സുഖപ്രദം"

ഹന്നന്യാവ് ഓ. ജേക്കബ്



# വെളിച്ചത്തിന് തിരിതെളിച്ചവർ

*ബെറ്റ്സി

*നിയ

*ഹനന്യാവ്

*അനന്യ

*ജ്യോതി

*ദിയ

*ആദിത്യൻ

*ക്രിസ്റ്റീന

*ഏയ്ഞ്ചൽ

# സന്ദേശം



ഗീത റ്റി. ജോർജ്ജ്
(ഹെഡ്മിസ്ട്രസ്)

വിദ്യാഭ്യാസമേഖല പൂർണ്ണമായും ഹൈടെക് ആയി മാറിയ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിവരസാങ്കേതികവിദ്യയുടെ ഉച്ചസ്ഥായിയിൽ വിരാജിക്കുന്ന കാലം! വിദ്യാർഥി സമൂഹത്തിന്റെ വിരൽത്തുമ്പിൽ വിരിയുന്ന അറിവിന്റെ ഡിജിറ്റൽ പൂക്കൾ പഠനമേഖലയിൽ നിറയുന്ന കാലം!

IT @ SCHOOL ന്റെ അഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ലിറ്റിൽ  കൈറ്റ്സിന്റെ അംഗങ്ങളുടെ മാഗസിൻ അതിന്റെ പൂർത്തീകരണത്തിലേക്ക് എത്തിച്ചേർന്നതിൽ എസ് സി എസിന്റെ ഹെഡ്മിസ്ട്രസ് എന്ന നിലയിൽ എനിക്ക് ചാരിതാർഥ്യമുണ്ട് . ഈ സംരംഭത്തിന്റെ പിന്നിൽ അദ്ധ്വാനിച്ച അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക അനുമോദനങ്ങൾ അറിയിക്കുന്നു .

ജ്ഞാനങ്ങളുടെ ഉറവിടമായ സർവേശ്വരൻ തുറന്നു തന്നിരിക്കുന്ന പുതിയ അറിവിന്റെ മേഖലയുടെ നന്മകളെ മാത്രം ഉൾക്കൊണ്ട് ഉയരങ്ങൾ താണ്ടുവാൻ അതിവേഗതയുടെ പാതയിൽ മുന്നേറുവാൻ നാം ശ്രദ്ധിക്കണം . ഈ  മേഖലയെ സാമൂഹ്യനന്മയ്ക്കായി കൂടുതൽ പ്രാപ്തമാക്കുവാൻ വളരുന്ന തലമുറയ്ക്ക് ഉത്തരവാദിത്തമുണ്ട്. അറിവിന്റെ പുതിയ മേഖലകളിലേയ്ക്ക്  തടസ്സമില്ലാതെ ഒഴുകേണ്ടവരാണ് വിദ്യാർത്ഥികൾ.

**അവരുടെ കൈക്കുമ്പിളിലാണ് സ്വന്തം ജീവിതം എന്ന തിരിച്ചറിവിൽ നിന്നാവണം വിരൽത്തുമ്പിലെ വിജ്ഞാന വിസ്ഫോടനതയെ ഉൾക്കൊള്ളുവാനും**
**പ്രാവർത്തികമാക്കുവാനും നിങ്ങൾക്കേവർക്കും സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി  ഞാൻ ആശിക്കുന്നു, പ്രാർത്ഥിക്കുന്നു. എസ്. സി. എസ്. ന്റെ അറിവിന്റെ പുതിയ പന്ഥാവിന് ഹൃദയം നിറഞ്ഞ ആശംസകൾ.**



# കൈറ്റ്സ് അനുഭവങ്ങൾ

2018 ൽ തുടങ്ങിയ ലിറ്റിൽ കൈറ്റ്സ് എന്ന കേരള സർക്കാർ പദ്ധതി കുട്ടികളുടെയെല്ലാം മനസ്സിൽ കയറിപ്പറ്റിയിരിക്കുന്നു. വളരെ അപ്രതീക്ഷിതമായി ഞങ്ങൾക്കു കിട്ടിയൊരു സമ്മാനം ആണ് ലിറ്റിൽ കൈറ്റ്സ്. കൈറ്റ്സ് തുടങ്ങിയതിൽ പിന്നെ ഞങ്ങൾ കുട്ടികൾ എല്ലാം ഡിജിറ്റൽ രംഗത്ത് വളരെ മിടുക്കരാണ് . കുട്ടികൾക്ക് എല്ലാം ഡിജിറ്റലായി പഠിക്കാൻ സാധിക്കുന്നു. ക്ലാസ്സ് മുറികളും ഹൈടെക് ആയതോടെ കുട്ടികളുടെ പഠനവും എളുപ്പമായി. മലയാളം ടൈപ്പിംഗ്, ആനിമേഷൻ, ക്യാമറ കോഴ്സ് തുടങ്ങിയവ ഞങ്ങൾക്കു വളരെ പ്രയോജനമായി. മറ്റ് സംഘടനകളിൽ നിന്നും വളരെ വ്യത്യസ്തമാണ് ലിറ്റിൽ കൈറ്റ്സ്, കാരണം മറ്റു സംഘടനകളിൽ പരീക്ഷയും, പരേഡും മാത്രം. എന്നാൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അതിനപ്പുറമുള്ള ഒരു ലോകത്തേക്കു പറന്നെത്തിയിരിക്കുന്നു. എല്ലാ കുട്ടികൾക്കും ലിറ്റിൽ കൈറ്റ്സ് നല്ല അനുഭവം ആണ്. കൈറ്റാണ് ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നത്.ഇനിയും ലിറ്റിൽ

കൈറ്റ്സിൽ ചേരുന്ന കുട്ടികൾക്കെല്ലാം ഇത് നല്ല അനുഭവം ആകട്ടെ എന്നു ആശംസിച്ചു കൊണ്ട് നിർത്തുന്നു.

ജ്യോതി സൂസൻ ജെയിംസ് IXC



# ഇന്നത്തെ കേരളം



അഹങ്കാരികളായ മനുഷ്യൻ പ്രകൃതിയ്ക്ക് ചിതയൊരുക്കുന്നു .അനുശരവും മനോഹരവുമായ കേരളം എന്നേ മാറി അത് സ്വപ്നമായി. മലകൾ ഇടിച്ച് അവിടെ മാർബിൾ സൗധങ്ങൾ പണിതു. പണ്ട് "പച്ച പുൽമേട്ടുകൾക്ക് അപ്പുറം മനോഹരമായ ഹരിതസുന്ദരമായ മലകൾ, പക്ഷേ ഇപ്പോൾ പ്ലാസറ്റിക്ക് ഇല്ലാത്ത ആഘോഷമില്ല. SAVE ENVIRONMENT എന്ന കൊടി പിടിച്ചവർ പോലും പ്ലാസ്റ്റിക്ക്മാലിന്യം അയൽവക്കക്കാരന്റെ മുറ്റത്തിടുന്നു. പരിസ്ഥിതി സംരക്ഷണ ബോധവത്ക്കരണ ക്ലാസുകളിൽ ഘോരഘോരം പ്രസംഗിക്കുന്നർപോലും മലകൾ ഇടിച്ചുനികത്തി വീടും ഫ്ളാറ്റും വയ്ക്കുന്നു.

പ്ലാസ്റ്റിക്ക് മാലിന്യം ആരും കാണാതെ റോഡിന്റെ അരികിൽ തള്ളുന്നു. ഈ മാലിന്യം കഴിച്ച് തെരുവുനായ്ക്കളുടെ വർദ്ധനവ് ഉണ്ടാകുന്നു. അങ്ങനെ "GODS OWN COUNTRY" "DOGS OWN COUNTRY" എന്നായി.

അഖില വർമ്മ

IX A



# വെള്ളപ്പൊക്കത്തിന്റെ അനുഭവങ്ങൾ

2018-ൽ കേരളത്തെ ഞെട്ടിപ്പിച്ച വൻ ദുരന്തമായിരുന്നു മഹാപ്രളയം. പ്രളയജീവിതം വളരെ ദുരിതമായിരുന്നു. പ്രളയസമയത്ത് ഞങ്ങൾക്ക് ഭക്ഷിക്കാൻ ആഹാരം ഒന്നും ലഭിച്ചിരുന്നില്ല. തുടക്കത്തിൽ രണ്ടുമൂന്നു ദിവസം യാതൊരു സഹായവും ഞങ്ങൾക്ക് ലഭിച്ചില്ല.അഞ്ചാം ദിവസം മത്സ്യത്തൊഴിലാളികളുടെ ബോട്ട് വഴി രക്ഷപെട്ട് ക്യാമ്പിലെത്തി. പിന്നിട് ഞാൻ ക്യാമ്പിൽ നിൽക്കാതെ അമ്മവീട്ടിലേക്ക് തിരിച്ചു. പ്രളയശേഷം വീട്ടിലെത്തിയപ്പോൾ ഹൃദയം തകർക്കുന്ന കാഴ്ച്ചകളാണ് ഞങ്ങൾ കണ്ടത്. വീട്ടിൽ നിറയെ ചള്ളകൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു.ഒരു മാസം കൊണ്ട് ഞങ്ങൾ പഴയ ജീവിതത്തിലേക്ക് തിരിച്ചുവന്നു. സർക്കാരിൽ നിന്നും നിരവധി ആനുകൂല്യങ്ങൾ ഞങ്ങൾക്ക് ലഭിച്ചു. ഈ പ്രളയ ജീവിതം ഒരു കാലത്തും ഞങ്ങൾക്ക് മറക്കാനാവാത്തതാണ്



അലൻ.എസ്.തോമസ്

IX B




# കുളിരേകും മഴ

നല്ല മഴ

മനമൊക കുളിർക്കും

നല്ല മഴ

മഴ..മഴ...

മഴ..മഴ...

തുള്ളി പോലെ വീഴും

നല്ല മഴ

ആഭ ബിനോയ് IX A

# പങ്കിടാൻ മറക്കാതെ

പ്രഭാത സൂര്യൻ കിഴക്ക് തല നീട്ടി തുടങ്ങി. പക്ഷികളുടെ കലപില ശബ്ദത്തെ മറികടന്ന് പൂവൻ കോഴി നീട്ടി കൂവി. അമ്മ വന്ന് പതിവ് പോലെ അപ്പുവിനെ വിളിച്ചുണർത്താനുള്ള ശ്രമത്തിലാണ്.

ഇനി ഇവരെ പരിചയപ്പെടുത്തട്ടെ. അപ്പു നാലാം ക്ലാസിൽ പഠിക്കുന്നു. ക്ലാസിൽ തരക്കേടില്ലാതെ പഠിക്കുന്ന മിടുക്കൻ കുട്ടി. പപ്പാ ഗൾഫിലാണ്. മമ്മി നാട്ടിൻപുറത്തെ ഗവൺമെന്റ് ആശുപത്രിയിലെ നേഴ്സ്. അപ്പുവിന്റെ കൂട്ടുകാരനാണ് അച്ചു. പഠനത്തിൽ സമർത്ഥനാണെങ്കിലും പാവപ്പെട്ട വീട്ടിലെ കുട്ടിയായിരുന്നു അച്ചു. കൃഷിക്കാരായിരുന്നു അവന്റെ മാതാപിതാക്കൾ. അപ്പുവിന്റെ പിറന്നാളിന് അവന്റെ മാതാപിതാക്കൾ എല്ലാ വർഷവും സമ്മാനമായി കളിപ്പാട്ടം നല്കിയിരുന്നു. എന്നാൽ അച്ചുവിനാകട്ടെ ഒരു മിഠായി പോലും ആരും നല്കാനില്ലാത്ത വിഷമത്തിൽ. അപ്പുവിന്റെ കളിപ്പാട്ടങ്ങൾ അച്ചു നോക്കിനിന്നിട്ടുണ്ട്. ഒന്നു കളിക്കാൻ കിട്ടിയിരുന്നുവെങ്കിൽ എന്നോർത്ത്. എന്നാൽ അച്ചുവിന് അവൻ ഒന്നും കളിക്കാൻ കൊടുക്കാറില്ല. കുറച്ചു നാളുകൾക്കു ശേഷം അപ്പുവിന്റെ അമ്മയ്ക്ക് ജോലിയിൽ സ്ഥലമാറ്റം കിട്ടി. അതിനാൽ അവർ വീട് മാറാൻ ഒരുങ്ങി.അവന്റെ കളിപ്പാട്ടങ്ങൾ എല്ലാം അവൻ ഒരു പെട്ടിയിൽ കെട്ടിവെച്ചു. അച്ചുവിനോട് അവൻ വളരെ ദുഃഖത്തോടെ യാത്ര പറഞ്ഞ് ഇറങ്ങി. സാധനങ്ങളെല്ലാം വണ്ടിയിൽ കയറ്റി പുറപ്പെടുവാൻ തുടങ്ങി. അച്ചുവും അപ്പുവും നിറകണ്ണുകളോടെ നോക്കി നിന്നു. അവൻ അച്ചുവിന്റെ കാഴ്ചയിൽനിന്നു മാഞ്ഞു തുടങ്ങി. കുറച്ചു മണിക്കൂറുകൾ കഴിഞ്ഞപ്പോൾ അച്ചുവിന്റെ കാതിൽ ഒരു വാർത്ത എത്തി. അപ്പുവും അമ്മയും സഞ്ചരിച്ച വാഹനം അപകടത്തിൽ

പ്പെട്ടിരിക്കുന്നു. എന്നാൽ അവർക്ക് കാര്യമായി ഒന്നും സംഭവിച്ചില്ല. അവരുടെ സാധനങ്ങളെല്ലാം തകർന്നു ഒപ്പം അവന്റെ കളിപ്പാട്ടങ്ങളും. അപ്പുവിനേയും അമ്മയെയും പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അച്ചുവും അവന്റെ മാതാപിതാക്കളും അവരെ കാണാൻ ആശുപത്രിയിൽ എത്തി. അപ്പു ആകെ തളർന്നു ഇരിക്കയാണ്. അവന്റെ കളിപ്പാട്ടങ്ങൾ എല്ലാം തകർന്നുപോയി.അച്ചുവിനെ കണ്ടതും അവൻ പൊട്ടിക്കരഞ്ഞു. എന്നാൽ അച്ചു അവന്റെ ചെറിയ സമ്പാദ്യം കൊണ്ട് ഒരു ചെറിയ കളിപ്പാട്ടം വാങ്ങി നൽകി. അപ്പുവിന് സന്തോഷം അടക്കിവെയ്ക്കുവാൻ കഴിഞ്ഞില്ല.അവൻ അച്ചുവുമായി അത് പങ്കിട്ട് കളിച്ചു. അങ്ങനെ അപ്പു അവന് കിട്ടിയ കളിപ്പാട്ടങ്ങൾ കൂട്ടുകാർക്കുകൂടി പങ്കുവയ്ക്കുവാൻ ശീലിച്ചു.

ഏയ്ഞ്ചൽ.പി. സാലു

IX-B





# എന്റെ വിദ്യാലയം

ഓർമകൾ ഓടിക്കളിക്കുമീ വിദ്യാലയം..
നാം ഒന്നെന്ന് പഠിപ്പിച്ച വിദ്യാലയം
സൗഹൃദം ദൃഢപ്പെടുത്തിയ വിദ്യാലയം
അമ്മയെന്ന രണ്ടക്ഷരത്തെ ചൊല്ലികൊടുത്ത വിദ്യാലയം.
അധ്യാപിക സ്നേഹത്തെ എന്താണെന്നറിയിച്ച വിദ്യാലയം
മറക്കിലൊരിക്കല്ലും ഈ വിദ്യാലയം
വിട പറയും നേരത്ത് വിതമ്പുനിൽക്കുന്ന കണ്ണുകൾ
മറക്കിലൊരിക്കലും ഈ വിദ്യാലയം..നാം...

ലിയ IX D



# അശ്വമേധം

വയലാർ രാമവർമ

ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ
ദിഗ്വിവിജയത്തിനെൻ സർഗ്ഗശക്തിയാം
ഇക്കുതിരയെ വിട്ടയക്കുന്നു ഞാൻ
വിശ്വസംസ്കാര വേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ
ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ
ദിഗ്വിവിജയത്തിനെൻ സർഗ്ഗശക്തിയാം
ഇക്കുതിരയെ വിട്ടയക്കുന്നു ഞാൻ
ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ

***സമ്പാദകൻ: അഭിജിത്ത് എ.റ്റി.***




## മഴ പെയ്ത്

ഇരുണ്ടുരുണ്ട ആകാശത്തിലൂടെ ഞാൻ നോക്കുന്നു

മേഘങ്ങൾക്കിടയിൽ തിങ്ങിനിൽക്കുന്ന ഭ്രമിയുടെ വിതുമ്പൽ

സസ്യജന്തുക്കളുടെ മനസ്സിൽ അഹ്ലാദം

മനുഷ്യമനസ്സിനെ കുളിർപ്പിക്കുന്ന മഴ

ചന്നം പിന്നം പെയ്തിറങ്ങുന്ന മഴത്തുള്ളികൾ

എൻ മനസ്സിൽ ഓർമയായ് മഴ

ദിയ IX D

# ചിരി

ആഹ്ലാദത്തിന്റെ മറ്റൊരു പേരാണ് ചിരി
ചിരി ഇല്ലാതെ ജീവിതമില്ല
സമസ്ത ലോകത്തെയും സൃഷ്ടിക്കുന്നത് ചിരിയാണല്ലോ
മുഖത്തിനലങ്കാരമായ് നിൽകുന്ന ചിരി

രോഗത്തിന് പരിഹാരമാണല്ലോ ചിരി
ചിരിയിൽ നിന്നാണ് വെളിച്ചമുണ്ടാകുന്നത്



.

**ആതിര IX D**

# റിപ്പബ്ലിക് ദിനം

.



ബ്രിട്ടീഷ് ഭരണത്തിൽ നിന്നും മോചിതമായി ഒരു പരമോന്നത റിപ്പബ്ലിക് രാജ്യമായതിന്റെ ഓർമ്മക്കായി ജനുവരി 26 റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നു . ഇന്ത്യയിലെ ദേശീയ അവധി ദിവസങ്ങളിൽ ഒന്നാണ് ജനുവരി 26

ഈ ദിവസത്തിന്റെ പ്രാധാന്യം നിലനിർത്താൻ എല്ലാ വർഷവും ഇന്ത്യയുടെ തലസ്ഥാനമായ ന്യൂഡെൽഹിയിൽ വൻ സൈനിക പരേഡുകളും സാംസ്കാരിക പരിപാടികളും നടത്തുന്നു. സൈനിക പരേഡ് രാഷ്ട്രപതി ഭവനിൽ തുടങ്ങി രാജ്പഥിൽ കൂടി ചരിത്ര പ്രസിദ്ധമായ ചെങ്കോട്ടയിൽ ചെന്ന് ചേർന്ന് അവസാനിക്കുന്നു. ഇന്ത്യയുടെ മൂന്ന് സേനകളായ കരസേന, നാവികസേന, വ്യോമസേന എന്നിവരുടെ സൈനികർ അവരുടെ മുഴുവൻ ഔദ്യോഗിക വേഷത്തിൽ ഈ ദിവസം പരേഡ് നടത്തുന്നു. ഇന്ത്യൻ സൈന്യത്തിന്റെ പരമോന്നത നേതാവായ രാഷ്ട്രപതി ഈ സമയം ഇതിന്റെ സല്യൂട് സ്വീകരിക്കുന്നു. ഇതു കൂടാതെ ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം കാണിക്കുന്ന ഒരു പാട് കാഴ്ചകളും ഈ പരേഡിൽ പ്രദർശിപ്പിക്കപ്പെടുന്നു. കൂടാതെ ഇന്ത്യൻ വ്യോമസേനയുടെ വിമാന സൈനിക പ്രദർശനങ്ങളും ഈ ദിവസം നടക്കുന്നു. കൂടാതെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും അതാത് സംസ്ഥാനത്തെ ഗവർണർമാർ

പതാക ഉയർത്തുകയും ചെയ്യുന്നു.

ബെറ്റ്സി എൽസ ബിജി



# കലാരചന





അനന്യ IX A

# തെരഞ്ഞെടുത്ത ഉദ്ധരണികൾ



















***ക്രിസ്റ്റീന സൂസൻ തോമസ്**

# വിശപ്പിന്റെ വിളി

ഒരിക്കൽ ബുദ്ധഭഗവാന്റെ ഒരു ശിഷ്യൻ വഴിയിൽ ഒരു ഭിക്ഷക്കാരന് ഉപദേശം കൊടുക്കുവാൻ തുടങ്ങി. പക്ഷേ ഭിക്ഷക്കാരൻ അയാൾ പറയുന്നതൊന്നും ശ്രദ്ധിച്ചില്ല . ശിഷ്യൻ കോപിഷ്ടനായി ഭഗവാന്റെ അടുത്തു ചെന്നു പറഞ്ഞു . ഗുരുദേവാ വഴിയിൽ ഒരു ഭിക്ഷക്കാരൻ ഇരിപ്പുണ്ടായിരുന്നു. അയാൾ വളരെ ധൃഷ്ടനാണെന്നു തോന്നുന്നു . ഞാൻ അയാൾക്ക് നല്ല ഉപദേശങ്ങൾ നൽകി. പക്ഷേ അയാൾ അതൊന്നും ശ്രദ്ധിച്ചില്ല. ഇതുകേട്ട ഭഗവാൻ ആ ഭിക്ഷക്കാരനെ അരികിലേക്ക് വിളിച്ചു. ആ ഭിക്ഷക്കാരൻ പല ദിവസങ്ങളായി പട്ടിണി കിടക്കുകയാണെന്ന് ഭഗവാന് മനസ്സിലായി. അദ്ദേഹം അയാൾക്ക് വയറുനിറയെ ഭക്ഷണം കൊടുത്തു. പക്ഷേ ഉപദേശം ഒന്നും കൊടുത്തില്ലല്ലോ എന്ന് ശിഷ്യൻ ചോദിച്ചു. ബുദ്ധഭഗവാൻ പറഞ്ഞു ഇന്ന് അയാൾക്ക് ഭക്ഷണമാണ് ഏറ്റവും കൂടുതൽ ആവശ്യമായിരിക്കുന്നത് . അത് അയാൾക്ക് കിട്ടണം. അയാൾ ജീവിക്കുമെങ്കിൽ നാളെ ഉപദേശം കേൾക്കും.



"വിശക്കുന്നവന്റെ മുൻപിൽ അന്നമാണ് ദൈവം"

ജ്യോതി IX C

# അമ്മ

രണ്ടക്ഷരത്തിലൂടെ ഒളിഞ്ഞിരിക്കുന്ന സ്നേഹമാണ് അമ്മ

അമ്മയില്ലാതെ ജീവിതമില്ല

അമ്മയാണെനിക്കെല്ലാം

മാതൃസ്നേഹത്തിന്റെ അടയാളമാണ് അമ്മ

സ്നേഹനിധിയാണ് അമ്മ

വാൽസല്യത്തിന്റെ ദീപമാണമ്മ



*ദിയാമോൾ

# യാത്രക്കുറിപ്പ്

2017 ഡിസംബർ 24 ലെ ഒരു തണുത്തപ്രഭാതം. മൂടൽ മഞ്ഞിനാൽ  നിറഞ്ഞ ദുബായ് എയർപോർട്ടിൽ ഞങ്ങൾ ഇറങ്ങി . ആദ്യത്തെ വിമാനയാത്രയുടെ സന്തോഷത്തിൽ ആയിരുന്ന ഞാൻ . പപ്പയും മമ്മിയും ഒരുമിച്ച് എന്റെ ചേച്ചിയുടെയും കുടുംബത്തിന്റേയും അടുത്തേയ്ക്കുള്ള യാത്രയായിരുന്നു .ഞങ്ങളുടെ കുടുംബത്തിലെ പുതിയ അതിഥിയായ ലൂക്കാസ് വാവയെ  കാണുവാനുള്ള യാത്രയായിരുന്നു . ചുരുങ്ങിയ ദിനങ്ങൾകൊണ്ട് യു.എ.ഇലെ പ്രധാന സ്ഥലങ്ങൾ എല്ലാം കാണുവാൻ കഴിഞ്ഞു . ബുർജി ഖലീഫ ,പാംജുമേറ ,ഗ്ലോബൽ വില്ലജ്,തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാം പോയി . ഡിസംബർ ദുബായ് ഫിലിം ഫെസ്റ്റിവലിന്റെ സമയമായതിനാൽ അതും കാണാൻ സാധിച്ചു .ജീവിതത്തിൽ മറക്കാൻ പറ്റാത്ത ഒത്തിരി ഒത്തിരി ഓർമ്മകൾ സമ്മാനിച്ച ഒരു യാത്ര.

*ബെറ്റ്സി IX A



# രണ്ടാം ഭവനം....

രണ്ടാം ഭവനം.... ജീവന തുല്യം സ്നേഹം നൽകിയ

അദ്ധ്യാപകർ......സന്തോഷത്തിലും സന്താപത്തിലും

കൂടെ നിൽക്കുന്ന സുഹൃത്തുക്കൾ........

സ്വന്തമെന്നതെല്ലാം വിട്ടു പോകുന്ന നേരത്ത്......

ഒന്നു കരയാനും ഒന്നു ചിരിക്കാനും.......

കൂട്ടു നിൽക്കുന്നവർ

ഓർക്കണം വല്ലപ്പോഴും എന്ന വാക്ക് മാത്രം............

*നിയ ആൻ ബിനോയി






# ജനനി



ആദ്യമായി എൻ മനസ്സിൽ പതിഞ്ഞ
മുഖം

ആദ്യമായി ഞാൻ കണ്ട മുഖം
ആദ്യമായി ഞാൻ പറഞ്ഞ വാക്ക് "അമ്മ"

ആദ്യമായി എന്നെ താലോലിച്ചതും

ആദ്യമായി എന്നെ ശകാരിച്ചതും എൻ അമ്മ

ആദ്യമായി എൻ മനസ്സറിഞ്ഞതും

എൻ ഉള്ളറിഞ്ഞതും അമ്മ

ആദ്യമായി  എനിക്കു സ്സ്നേഹം പകർന്നതും

വാത്സല്യം തന്നതും താലോലിച്ചതുംഎൻ അമ്മ

അമ്മയാണെൻ ദൈവം

എല്ലാമെല്ലാം ആണ് എൻ അമ്മ

**അഖില വർമ്മ IX A**

# നന്ദി

ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാകാൻ സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും,

നിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും

നന്ദി അറിയിക്കുന്നു

